(ഡി) മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ പഠന നിഗമനങ്ങൾ പഠിച്ചശേഷമേ ഇക്കാര്യത്തിൻ എന്തെല്ലാം തുടർനടപടികൾ എടുക്കണമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ഇ) ഉണ്ട്.

(എഫ്) 999 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയ പ്രദേശത്ത് നിർമ്മിച്ച ഈ ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നത് തമിഴ്നാട് സർക്കാരാണ്.

(ജി) 999 വർഷത്തേയ്ക്കുള്ള ഈ കരാറിന്റെ സാധുതയെക്കുറിച്ച് വിശദമായ നിയമ വിശകലനം പരിഗണനയിലുണ്ട്.

പുതിയ റേഷൻ കാർഡുകൾ

25 (*25) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന റേഷൻ കാർഡുകൾ പുതുക്കേണ്ടിയിരുന്ന തീയതി എന്നായിരുന്നു ;

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) റേഷൻ കാർഡുകൾ എന്തെല്ലാം കാര്യങ്ങൾക്കാണ് പ്രയോജനപ്പെടുത്തിയിരുന്നത് ;

(ഡി) നിലവിലുള്ള റേഷൻ സമ്പ്രദായം നിലനിർത്തിക്കൊണ്ടു പോകാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കുവാൻ റേഷൻ കാർഡുകൾ ആവശ്യമുണ്ടോ ;

(എഫ്) റേഷൻ സമ്പ്രദായത്തെക്കുറിച്ച് വിലയിരുത്തുവാൻ എത്തിയ പാർലമെന്റ് കമ്മിറ്റിക്ക് മുമ്പിൽ ഗവൺമെന്റ് പ്രകടിപ്പിച്ച അഭിപ്രായം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) 2001 ജനുവരി ഒന്നിന് നിലവിലുള്ള കാർഡുകൾ പുതുക്കേണ്ടതായിരുന്നു.

(ബി) റേഷൻ കാർഡുകൾ പുതുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പുതുക്കുന്നതുവരെയുള്ള കാലയളവിൽ നിലവിലുള്ള കാർഡുകളിൽ സ്ളിപ്പുകൾ ഒട്ടിച്ച് തുടരുന്നതാണ്.

(സി) റേഷൻ സാധനങ്ങൾ വാങ്ങുന്നതിലേക്ക് മാത്രമാണ് റേഷൻ കാർഡ് ഉപയോഗിക്കേണ്ടത് എന്നാണ് റേഷനിംഗ് ഓർഡറിലെ വ്യവസ്ഥ.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) നമ്മുടെ സംസ്ഥാനം ഭക്ഷ്യ ഉൽപ്പാദനത്തിൽ കമ്മി സംസ്ഥാനമായതിനാൽ റേഷൻ സമ്പ്രദായം കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വില നിയന്ത്രിക്കാനുള്ള ഘടകം മാത്രമല്ല, ഭക്ഷ്യ-ധാന്യ ലഭ്യതയുടെ ഉറവിടം കൂടിയാണ്. ആയതിനാൽ കേരള ജനത ആകെത്തന്നെ നിയന്ത്രിത വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കിട്ടുന്നതിലേക്ക് റേഷൻ സമ്പ്രദായത്തെ ആശ്രയിക്കുന്നു. ഈ രീതി ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണെന്നും ആയതിനാൽ ഭക്ഷ്യവിതരണ സമ്പ്രദായത്തിലും അതിന്റെ വില വ്യത്യാസം നടപ്പിലാക്കുമ്പോഴും കേന്ദ്ര സർക്കാർ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക മാനദണ്ഡം സ്വീകരിക്കണമെന്നും പാർലമെന്റ് കമ്മിറ്റിക്ക് മുമ്പിൽ അഭിപ്രായം പ്രകടിപ്പിക്കുകയുണ്ടായി. ഗുണമേന്മയുള്ള അരി ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

സസ്യങ്ങൾക്ക് പേറ്റന്റ് ലഭ്യമാക്കാൻ നടപടി

26 (*26) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില ഔഷധസസ്യങ്ങൾ വിദേശമായിക്കൊണ്ടിരിക്കുന്നതും അവശേഷിക്കുന്നവയുടെ പേറ്റന്റുകൾ വിദേശരാഷ്ട്രങ്ങളോ കുത്തക കമ്പനികളോ കൈക്കലാക്കിക്കൊണ്ടിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വിരളമായിക്കൊണ്ടിരിക്കുന്നതും അപൂർവവുമായ ആയുർവേദ ഔഷധസസ്യങ്ങളുടെ പേറ്റന്റ് സംസ്ഥാനത്തിനുതന്നെ ലഭ്യമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് വിരളമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾ ഏതൊക്കെ എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഔഷധ സസ്യങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഇ) സംസ്ഥാനത്ത് വിരളമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങൾക്ക് പേറ്റന്റ് ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly